(ബി) ശക്കരയുടെ വില കൺട്രോൾ ചെയ്യുതോടൊപ്പം ഉള്ള സ്റ്റോക്ക് മരവിപ്പിച്ചു ഉപഭോക്താക്കൾക്കു ആവശ്യത്തിനു ശക്കര കിട്ടത്തക്കവണ്ണം ഒരു വിതരണസമ്പ്രദായം ഏർപ്പെടുത്തുവാൻ ആലോചിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ശക്കരയുടെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവസംബന്ധിച്ചു എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചു നടപ്പിൽവരുത്തുവാൻ ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) തീരെ കിട്ടാത്തതായിട്ട് അറിവില്ല.

(ബി) ഇല്ല.

(സി) ഇല്ല.

Questions posted for answer on 2—3—1951

മജിസ്ട്രേട്ട് തിരഞ്ഞെടുപ്പ്

*൨൪൫. (൧) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) മജിസ്ട്രേട്ടന്മാരുടെ ടെയിനിങ്ങിനു വേണ്ടിയിരുന്ന അപേക്ഷകളുടെ തിരഞ്ഞെടുപ്പ് നടന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണമെത്ര;

(സി) ഇവരിൽ ഹരിജനവിഭാഗങ്ങളിൽ ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) സ്ത്രീജനങ്ങളിൽ ആരെയെങ്കിലും തിരഞ്ഞെടുത്തിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) ൨൦.

(സി) ഇല്ല.

(ഡി) ഇല്ല.

൧൯൫൪-ൽ കൃഷിക്കു നൽകിയ സ്ഥലം

*൨൪൬. (൪൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൫൪-ൽ കൃഷിക്കു നൽകിയ ൧൦൭ ഏക്കറിൽ മുഴുവൻ കൃഷി നടത്തിയോ;

(ബി) അങ്ങിനെ നടത്തിയ ഇനത്തിൽ എത്ര പറ നെല്ല് കൂടുതൽ ഉൽപാദിപ്പിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ചോദ്യം വ്യക്തമല്ല. ൧൯൫൪-ൽ ആകെ കൃഷിക്കു നൽകിയതു ൨൪,൩൪ ഏക്കറാണു. അതിൽ ൧൯,൯൨൧ ഏക്കർ സ്ഥലത്തു കൃഷി നടത്തിയിട്ടുണ്ടു.

(ബി) ഉദ്ദേശം ൩,൫൪,൦൦൦ പറ നെല്ല് കൂടുതൽ ഉൽപാദിപ്പിച്ചിട്ടുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly